"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - കരാറടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പരിഷ്കരിച്ചും പദ്ധതിച്ചെലവിന് ആനുപാതികമായി ജീവനക്കാരെ അധികമായി നിയമിക്കുന്നതിനും നിലവിലുള്ള ജീവനക്കാരുടെ കരാർ പുതുക്കുന്നതിനും അനുമതി നൽകിയും ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ (ഡിഡി) വകുപ്പ്**

സ.ഉ.(കൈ) നം.80/2024/LSGD തീയതി,തിരുവനന്തപുരം, 29-06-2024

---

പരാമർശം:-

1. സ.ഉ.(കൈ) നം.68/2006/ത.സ്വ.ഭ.വ തീയതി 28.02.2006
2. സ.ഉ.(കൈ) നം.1/2009/ത.സ്വ.ഭ.വ തീയതി 02.01.2009
3. സ.ഉ.(കൈ) നം.167/2009/ത.സ്വ.ഭ.വ തീയതി 26.08.2009
4. സ.ഉ.(സാധാ) നം.1549/2011/ത.സ്വ.ഭ.വ തീയതി 29.06.2011
5. സ.ഉ.(സാധാ) നം.1876/2012/ത.സ്വ.ഭ.വ തീയതി 05.07.2012
6. സ.ഉ.(സാധാ) നം.506/2013/ത.സ്വ.ഭ.വ തീയതി 28.02.2013
7. സ.ഉ.(കൈ) നം.47/2016/ത.സ്വ.ഭ.വ തീയതി 03.03.2016
8. സ.ഉ.(കൈ) നം.41/2017/ത.സ്വ.ഭ.വ തീയതി 20.02.2017
9. സ.ഉ.(അച്ചടി) നം.81/2019/ധന തീയതി 09.07.2019
10. സ.ഉ.(സാധാ) നം.1552/2019/തസ്വഭവ തീയതി 23/07/2019
11. സ.ഉ.(കൈ) നം.153/2019/ത.സ്വ.ഭ.വ തീയതി 30.11.2019
12. സ.ഉ.(കൈ) നം.121/2020/ത.സ്വ.ഭ.വ തീയതി 18.08.2020
13. സ.ഉ.(കൈ) നം.32/2021/ത.സ്വ.ഭ.വ തീയതി 09.02.2021
14. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ വിവിധ തീയതികളിലെ 16790/ബി/2015/എം.ജി.എൻ.ആർ.ഇ.ജി.എസ്, 2290/ബി /2018/ എം..ജി.എൻ.ആർ.ഇ.ജി.എസ്., എൻ.ആർ.ഇ.ജി.എ/878/2022-ഡി1 നമ്പർ കത്തുകൾ

**<u>ഉത്തരവ്</u>**

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം-2005-ന്റെ അടിസ്ഥാനത്തിൽ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി 2006 ഫെബ്രുവരി മുതൽ സംസ്ഥാനത്ത് നടപ്പാക്കി വരുന്നു. പദ്ധതി നടത്തിപ്പിനായി സംസ്ഥാന മിഷൻ മുതൽ ഗ്രാമ പഞ്ചായത്ത് തലം വരെ വിവിധ തസ്തികകളിൽ കരാർ ജീവനക്കാരെ നിയമിക്കുന്നതിന്

പരാമർശം (1), (2), (3) ഉത്തരവുകൾ പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു. പദ്ധതിയ്ക്ക് കീഴിൽ ഏറ്റവും കൂടുതൽ നിയമനങ്ങൾ നടക്കുന്ന ഗ്രാമ-ബ്ലോക്ക് തലങ്ങളിലെ അക്രഡിറ്റഡ് എഞ്ചിനിയർ, എം.ജി.എൻ.ആർ.ഇ.ജി.എസ് ഓവർസിയർ, അക്കൗണ്ടന്റ്-കം-ഐ.ടി. അസിസ്റ്റന്റ് തസ്തികകളിലെ നിയമനാധികാരം പരാമർശം (4) പ്രകാരം അതതു പഞ്ചായത്തുകൾക്കാണ് നൽകിയിരിക്കുന്നതെങ്കിലും അനുവദനീയമായ തസ്തികകളുടെ എണ്ണം പരാമർശം (10) പ്രകാരം സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിൽ സംസ്ഥാനത്തെ പഞ്ചായത്തുകളിൽ ചെലവഴിക്കപ്പെടുന്ന തുക മുൻകാലങ്ങളെ അപേക്ഷിച്ച് ഉയർന്നത്, ആസ്തി നിർമ്മാണ പ്രവർത്തനങ്ങൾ വർധിച്ച തോതിൽ ഏറ്റെടുക്കുന്നത്, പട്ടിക വർഗ്ഗ കുടുംബങ്ങൾക്കായി പ്രത്യേക പദ്ധതികൾ നടപ്പാക്കുന്നത് എന്നിവ പഞ്ചായത്തുകളിലെ ജോലിഭാരം ഗണ്യമായി വർധിപ്പിച്ചിട്ടുണ്ടെന്നും ആയതിനാൽ പരാമർശം (10) പ്രകാരം നിശ്ചയിച്ചിട്ടുള്ള തസ്തികകൾക്ക് പുറമെ അധിക ജീവനക്കാരെ നിയമിക്കാൻ അനുവാദം നൽകണമെന്നും പരാമർശം (14) പ്രകാരം തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി. ഇത് കൂടാതെ ജീവനക്കാരുടെ നിയമനം, കരാർ പുതുക്കൽ എന്നിവ സംബന്ധിച്ച് നിരവധി പരാതികൾ സംസ്ഥാനത്ത് ഉടനീളം ഉണ്ടാവുന്നതായും ഇത് പദ്ധതി നിർവ്വഹണ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കാൻ ഇടയാക്കുന്നതായും ടി സാഹചര്യത്തിൽ കരാർ ജീവനക്കാരുടെ നിയമനം സുതാര്യവും അഴിമതി രഹിതവും മാനദണ്ഡങ്ങൾക്കനുസൃതമാണെന്നും ഉറപ്പാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ കൂടി പുറപ്പെടുവിക്കുന്നത് ഉചിതമായിരിക്കുമെന്നും മിഷൻ ഡയറക്ടർ അറിയിക്കുകയും ആയത് സംബന്ധിച്ച നിർദ്ദേശങ്ങൾ സമർപ്പിക്കുകയുമുണ്ടായി.

2. സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിൽ കരാർ ജീവനക്കാരെ നിയമിക്കുന്നത് സംബന്ധിച്ച് ചുവടെ പറയുന്ന മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

പദ്ധതി പ്രവർത്തനങ്ങൾ വിപുലപ്പെടുകയും നിരവധി ഉപപദ്ധതി പ്രവർത്തനങ്ങൾ ഏറ്റെടുക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് പരാമർശം (10) പ്രകാരം നിജപ്പെടുത്തിയ ജീവനക്കാർക്ക് പുറമെ പദ്ധതിച്ചെലവിന് ആനുപാതികമായി ചുവടെ പറയുന്ന എണ്ണം ജീവനക്കാരെ അധികമായി നിയമിക്കാവുന്നതാണ്.

<u>a. ഗ്രാമ പഞ്ചായത്തുകൾ</u>

| ക്രമ നം. | മാനദണ്ഡം | അധിക തസ്തികകൾ |
|---|---|---|
| 1. | മുൻ സാമ്പത്തിക വർഷം 6 കോടിയിലേറെ രൂപ ചെലവഴിക്കുകയും സാധനഘടകത്തിൽ 15%-ൽ അധികം വിനിയോഗിച്ചിട്ടുള്ളതുമായ പട്ടിക വർഗ്ഗ കുടുംബങ്ങൾ അധികമുള്ള (ആകെ സജീവ തൊഴിലാളികളുടെ അഞ്ച് | എം.ജി.എൻ.ആർ.ഇ.ജി.എസ് ഓവർസിയർ-1<br><br>അക്കൗണ്ടന്റ് കം ഐടി അസിസ്റ്റന്റ്-1 |

| | | |
|---|---|---|
| | ശതമാനത്തിൽ കൂടുതൽ പട്ടിക വർഗ്ഗ സജീവ തൊഴിലാളികളുള്ള) പഞ്ചായത്തുകൾ | |
| 2. | മുൻ സാമ്പത്തിക വർഷം 9 കോടിയിലേറെ രൂപ ചെലവഴിക്കുകയും സാധനഘടകത്തിൽ 15%-ൽ അധികം വിനിയോഗിച്ചിട്ടുള്ളതുമായ പഞ്ചായത്തുകൾ | എം.ജി.എൻ.ആർ.ഇ.ജി.എസ് ഓവർസിയർ-1<br><br>അക്കൗണ്ടന്റ് കം ഐടി അസിസ്റ്റന്റ്-1 |

b. ബ്ലോക്ക് പഞ്ചായത്തുകൾ

| ക്രമ നം. | മാനദണ്ഡം | അധിക തസ്തികകൾ |
|---|---|---|
| 1 | മുൻ സാമ്പത്തിക വർഷം 30 കോടിയിലേറെ രൂപ ചെലവഴിക്കുകയും സാധനഘടകത്തിൽ 15%-ൽ അധികം വിനിയോഗിച്ചിട്ടുള്ളതുമായ പട്ടിക വർഗ്ഗ കുടുംബങ്ങൾ അധികമുള്ള (ആകെ സജീവ തൊഴിലാളികളുടെ അഞ്ച് ശതമാനത്തിൽ കൂടുതൽ പട്ടിക വർഗ്ഗ സജീവ തൊഴിലാളികളുള്ള) പഞ്ചായത്തുകൾ | അക്രഡിറ്റേഡ് എഞ്ചിനിയർ- 1<br><br>അക്കൗണ്ടന്റ് കം ഐടി അസിസ്റ്റന്റ്-1 |
| 2 | മുൻ സാമ്പത്തിക വർഷം 45 കോടിയിലേറെ രൂപ ചെലവഴിക്കുകയും സാധനഘടകത്തിൽ 15%-ൽ അധികം വിനിയോഗിച്ചിട്ടുള്ളതുമായ പഞ്ചായത്തുകൾ | അക്രഡിറ്റേഡ് എഞ്ചിനിയർ- 1<br><br>അക്കൗണ്ടന്റ് കം ഐടി അസിസ്റ്റന്റ്-1 |

3. സംസ്ഥാനത്ത് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിലെ കരാർ ജീവനക്കാരുടെ നിയമനത്തിൽ സംവരണ തത്വം പാലിക്കുന്നതിന്റെ ഭാഗമായി പട്ടിക ജാതി/പട്ടിക വർഗ്ഗവിഭാഗങ്ങൾക്ക് അനുവദിക്കേണ്ട തസ്തികകളുടെ ശതമാനം പരാമർശം (8) ഉത്തരവ് പ്രകാരം നിജപ്പെടുത്തിയിരുന്നെങ്കിലും, ആയത് പ്രകാരമുള്ള പ്രാതിനിധ്യം പട്ടിക വർഗ്ഗ വിഭാഗങ്ങളിൽ നിന്നും ഉണ്ടായിട്ടില്ല. ആയതിനാൽ, പട്ടിക വർഗ്ഗകുടുംബങ്ങൾ കൂടുതലായി വസിക്കുന്ന പഞ്ചായത്തുകളിൽ ഈ ഉത്തരവ് പ്രകാരം അനുവദിക്കപ്പെടുന്ന അധിക തസ്തികകളിൽ, മേൽ സംവരണ തത്വം പ്രകാരമുള്ള പ്രാതിനിധ്യം പട്ടിക വർഗ്ഗ വിഭാഗക്കാർക്ക്

ഉറപ്പാക്കുന്ന വിധത്തിൽ, സംസ്ഥാന തൊഴിലുറപ്പ് മിഷൻ ഡയറക്ടർ ഒരു formula തയ്യാറാക്കി നിർദേശങ്ങൾ ഉൾക്കൊള്ളിച്ച് ഒരു സർക്കുലർ പുറപ്പെടുവിക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ പട്ടിക വർഗ്ഗ വിഭാഗങ്ങളിൽ നിന്നുള്ളവരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കേണ്ടതുമാണ്. ടി സർക്കുലർ പ്രകാരമാണ് നിയമനമെന്ന് ബന്ധപ്പെട്ട ബ്ലോക്ക് പ്രോഗ്രാം ഓഫീസർ/ജില്ലാ പ്രോഗ്രാം ഓഫീസർ ഉറപ്പ് വരുത്തേണ്ടതാണ്.

4. പദ്ധതിയ്ക്ക് കീഴിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെ യോഗ്യതയും നിയമന രീതിയും ഭേദഗതി ചെയ്ത് പരാമർശം (11), (12) ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവുകളിൽ നിഷ്കർഷിച്ച സെലക്ഷൻ സമിതിയിൽ ജില്ലാ പ്രോഗ്രാം കോർഡിനേറ്റർ ആയ ജിലാ കലക്ടറുടെ പ്രതിനിധിയെക്കൂടി ഉൾപ്പെടുത്തുന്നത് സെലക്ഷൻ പ്രക്രിയയിലെ കാര്യക്ഷമത ഉറപ്പ് വരുത്തും എന്ന് കരുതുന്നതിനാൽ കരാർ ജീവനക്കാരുടെ സെലക്ഷൻ സമിതി ചുവടെ പറയും പ്രകാരം പുന:സംഘടിപ്പിച്ച് നിയമനരീതി ഭേദഗതി ചെയ്യുന്നു.

| തസ്തിക | യോഗ്യത | നിയമനരീതി |
|---|---|---|
| അക്രഡിറ്റഡ് എഞ്ചിനിയർ (ബ്ലോക്ക് പഞ്ചായത്ത്) | സിവിൽ/അഗ്രിക്കൾച്ചറൽ എഞ്ചിനിയറിംഗ് ഡിഗ്രി. മേൽ പറഞ്ഞ യോഗ്യതയുള്ളവരുടെ അഭാവത്തിൽ ചുവടെ പറയുന്ന ഏതെങ്കിലും യോഗ്യതയുള്ളവരെ പരിഗണിക്കാവുന്നതാണ്.<br><br>(a) മൂന്ന് വർഷ പോളിടെക്നിക് സിവിൽ ഡിപ്ലോമയും കുറഞ്ഞത് അഞ്ച് വർഷം തൊഴിലുറപ്പ് പദ്ധതി/തദ്ദേശ സ്വയംഭരണ/ സർക്കാർ/ അർദ്ധസർക്കാർ/ പൊതുമേഖലാ/ സർക്കാർ മിഷൻ/ സർക്കാർ ഏജൻസി എന്നീ സ്ഥാപനങ്ങളിലെ പ്രവൃത്തി പരിചയവും.<br>(b) രണ്ട് വർഷ ഡ്രാഫ്റ്റ്സ്മാൻ സിവിൽ സർട്ടിഫിക്കറ്റും കുറഞ്ഞത് പത്ത് വർഷം തൊഴിലുറപ്പ് പദ്ധതി/തദ്ദേശ സ്വയംഭരണ/ സർക്കാർ/അർദ്ധസർക്കാർ/പൊതുമേഖലാ/സർക്കാർ മിഷൻ/ സർക്കാർ ഏജൻസി എന്നീ സ്ഥാപനങ്ങളിലെ പ്രവൃത്തി പരിചയവും. | ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്ത് ആവശ്യമായ യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾക്കായി പബ്ലിക് റിലേഷൻസ് വകുപ്പ് നിശ്ചയിച്ചിട്ടുള്ള കുറഞ്ഞത് ഒരു ഡി/സി കാറ്റഗറി മലയാളം പത്രത്തിൽ ഇതിനായുള്ള വിൻഡോ പരസ്യം നൽകി അപേക്ഷ ക്ഷണിക്കണം<br>ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ, ബ്ലോക്ക് പഞ്ചായത്ത് അഗ്രിക്കൾച്ചർ അസിസ്റ്റന്റ് ഡയറക്ടർ, ജില്ലാ പ്രോഗ്രാം കോർഡിനേറ്ററുടെ പ്രതിനിധി എന്നിവർ അടങ്ങുന്ന ഇന്റർവ്യൂ സമിതി ഇന്റർവ്യൂ നടത്തി അപേക്ഷകരിൽ നിന്നും തെരഞ്ഞെടുക്കുക. |
| | സിവിൽ/അഗ്രിക്കൾച്ചറൽ എഞ്ചിനിയറിംഗ് ഡിഗ്രി. | ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്ത് ആവശ്യമായ യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾക്കായി പബ്ലിക് റിലേഷൻസ് വകുപ്പ് നിശ്ചയിച്ചിട്ടുള്ള കുറഞ്ഞത് |

| | | |
|---|---|---|
| അക്രഡിറ്റഡ് എഞ്ചിനിയർ(ഗ്രാമ പഞ്ചായത്ത്) | മേൽപറഞ്ഞ യോഗ്യതയുള്ള വരുടെ അഭാവത്തിൽ ചുവടെ പറയുന്ന ഏതെങ്കിലും യോഗ്യതയുള്ളവരെ പരിഗണിക്കാവുന്നതാണ്.<br>(a) മൂന്ന് വർഷ പോളിടെക്നിക് സിവിൽ ഡിപ്ലോമയും കുറഞ്ഞത് അഞ്ച് വർഷം തൊഴിലുറപ്പ് പദ്ധതി/തദ്ദേശ സ്വയംഭരണ / സർക്കാർ/ അർദ്ധസർക്കാർ/ പൊതുമേഖലാ/സർക്കാർ മിഷൻ/ സർക്കാർ ഏജൻസി എന്നീ സ്ഥാപനങ്ങളിലെ പ്രവൃത്തി പരിചയവും.<br>(b) രണ്ട് വർഷ ഡ്രാഫ്ട്സ്മാൻ സിവിൽ സർട്ടിഫിക്കറ്റും കുറഞ്ഞത് പത്ത് വർഷം തൊഴിലുറപ്പ് പദ്ധതി/തദ്ദേശ സ്വയംഭരണ/ സർക്കാർ/അർദ്ധസർക്കാർ/പൊതുമേഖലാ/സർക്കാർ മിഷൻ/ സർക്കാർ ഏജൻസി എന്നീ സ്ഥാപനങ്ങളിലെ പ്രവൃത്തി പരിചയവും | ഒരു ഡി/സി കാറ്റഗറി മലയാളം പത്രത്തിൽ ഇതിനായുള്ള വിൻഡോ പരസ്യം നൽകി അപേക്ഷ ക്ഷണിക്കണം<br>ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്, ഗ്രാമപഞ്ചായത്ത് സെക്രട്ടറി, ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനിയർ, ഗ്രാമ പഞ്ചായത്ത് കൃഷി ഓഫീസർ, ജില്ലാ പ്രോഗ്രാം കോർഡിനേറ്ററുടെ പ്രതിനിധി എന്നിവർ അടങ്ങുന്ന ഇന്റർവ്യൂ സമിതി ഇന്റർവ്യൂ നടത്തി അപേക്ഷകരിൽ നിന്നും തെരഞ്ഞെടുക്കുക. |
| എം.ജി.എൻ.ആർ.ഇ.ജി.എസ് ഓവർസിയർ<br>(ഗ്രാമ പഞ്ചായത്ത്) | മൂന്ന് വർഷ പോളിടെക്നിക്ക് സിവിൽ ഡിപ്ലോമ അല്ലെങ്കിൽ<br><br>രണ്ട് വർഷ ഡ്രാഫ്റ്റ്സ്മാൻ സിവിൽ സർട്ടിഫിക്കറ്റ്. | ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്ത് ആവശ്യമായ യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾക്കായി പബ്ലിക് റിലേഷൻസ് വകുപ്പ് നിശ്ചയിച്ചിട്ടുള്ള കുറഞ്ഞത് ഒരു ഡി/സി കാറ്റഗറി മലയാളം പത്രത്തിൽ ഇതിനായുള്ള വിൻഡോ പരസ്യം നൽകി അപേക്ഷ ക്ഷണിക്കണം<br>ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്, ഗ്രാമപഞ്ചായത്ത് സെക്രട്ടറി, ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനിയർ, ഗ്രാമ പഞ്ചായത്ത് കൃഷി ഓഫീസർ, ജില്ലാ പ്രോഗ്രാം കോർഡിനേറ്ററുടെ പ്രതിനിധി എന്നിവർ അടങ്ങുന്ന ഇന്റർവ്യൂ സമിതി ഇന്റർവ്യൂ നടത്തി അപേക്ഷകരിൽ നിന്നും തെരഞ്ഞെടുക്കുക |
| | | ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്ത് ആവശ്യമായ യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾക്കായി പബ്ലിക് റിലേഷൻസ് വകുപ്പ് |

| | | |
|---|---|---|
| അക്കൗണ്ടന്റ്-കം-ഐ.ടി.അസിസ്റ്റന്റ് (ബ്ലോക്ക് പഞ്ചായത്ത്) | ബികോം + പി.ജി.ഡി.സി.എ (അക്കൗണ്ടിംഗ്, ബുക്ക് കീപ്പിംഗ് എന്നിവയിൽ മുൻപരിചയമുള്ള ഉദ്യോഗാർത്ഥികൾക്ക് മുൻഗണന നൽകാവുന്നതാണ്. | നിശ്ചയിച്ചിട്ടുള്ള കുറഞ്ഞത് ഒരു ഡി/സി കാറ്റഗറി മലയാളം പത്രത്തിൽ ഇതിനായുള്ള വിൻഡോ പരസ്യം നൽകി അപേക്ഷ ക്ഷണിക്കണം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, ബ്ലോക്ക് പ്രോഗ്രാം ഓഫീസർ ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ, IKM ജില്ലാ കോർഡിനേറ്റർ നോമിനേറ്റ് ചെയ്യുന്ന ഒരു ഐ.ടി.വിദഗ്ധൻ, ജില്ലാ പ്രോഗ്രാം കോർഡിനേറ്ററുടെ പ്രതിനിധി എന്നിവർ അടങ്ങുന്ന ഇന്റർവ്യൂ സമിതി ഇന്റർവ്യൂ നടത്തി അപേക്ഷകരിൽ നിന്നും തെരഞ്ഞെടുക്കുക |
| അക്കൗണ്ടന്റ്-കം-ഐ.ടി.അസിസ്റ്റന്റ് (ഗ്രാമ പഞ്ചായത്ത്) | ബികോം + പി.ജി.ഡി.സി.എ (അക്കൗണ്ടിംഗ്, ബുക്ക് കീപ്പിംഗ് എന്നിവയിൽ മുൻപരിചയമുള്ള ഉദ്യോഗാർത്ഥികൾക്ക് മുൻഗണന നൽകാവുന്നതാണ്. ) | ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്ത് ആവശ്യമായ യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾക്കായി പബ്ലിക് റിലേഷൻസ് വകുപ്പ് നിശ്ചയിച്ചിട്ടുള്ള കുറഞ്ഞത് ഒരു ഡി/സി കാറ്റഗറി മലയാളം പത്രത്തിൽ ഇതിനായുള്ള വിൻഡോ പരസ്യം നൽകി അപേക്ഷ ക്ഷണിക്കണം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്, ഗ്രാമ പഞ്ചായത്ത് സെക്രട്ടറി, ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനിയർ, IKM ജില്ലാ കോർഡിനേറ്റർ നോമിനേറ്റ് ചെയ്യുന്ന ഒരു ഐ.ടി.വിദഗ്ധൻ, ജില്ലാ പ്രോഗ്രാം കോർഡിനേറ്ററുടെ പ്രതിനിധി എന്നിവർ അടങ്ങുന്ന ഇന്റർവ്യൂ സമിതി ഇന്റർവ്യൂ നടത്തി അപേക്ഷകരിൽ നിന്നും തെരഞ്ഞെടുക്കുക. |

സെലക്ഷൻ പ്രക്രിയയുടെ സുതാര്യത ഉറപ്പ് വരുത്തുന്നതിനായി, ഇന്റർവ്യൂ നടത്തി റാങ്ക്

പട്ടിക തയ്യാറാക്കുമ്പോൾ, ബന്ധപ്പെട്ട സെലക്ഷൻ സമിതി ചുവടെ പറയുന്ന മാർക്കിംഗ് രീതി സ്വീകരിക്കേണ്ടതാണ്.

| മാനദണ്ഡം | അനുവദിക്കാവുന്ന പരമാവധി മാർക്ക് | | |
|---|---|---|---|
| | അക്രഡിറ്റഡ് എഞ്ചിനീയർ | ഓവർസീയർ | അക്കൗണ്ടന്റ് കം-ഐ.ടി അസിസ്റ്റന്റ് |
| നിശ്ചയിക്കപ്പെട്ട വിദ്യാഭ്യാസ യോഗ്യത (കുറഞ്ഞത് 5 മാർക്ക് അപേക്ഷകന്റെ യോഗ്യത അനുസരിച്ച് പരമാവധി മാർക്ക് നിശ്ചയിക്കാവുന്നതാണ്) | 2 വർഷ ഡ്രാഫ്റ്റ്മാൻ സിവിൽ സർട്ടിഫിക്കറ്റ്- **5** മാർക്ക്<br><br>മൂന്നുവർഷ പോളിടെക്നിക് സിവിൽ ഡിപ്ലോമ-**7** മാർക്ക്<br><br>സിവിൽ/അഗ്രികൾച്ചർ എഞ്ചിനിയറിംഗ് ഡിഗ്രി - **10** മാർക്ക് | 2 വർഷ ഡ്രാഫ്റ്റ്മാൻ സിവിൽ സർട്ടിഫിക്കറ്റ്- **6** മാർക്ക്<br><br>മൂന്നുവർഷ പോളിടെക്നിക് സിവിൽ ഡിപ്ലോമ-**10** മാർക്ക് | ബി കോം പാസ്സ്ഡ് വിത്ത് പിജിഡിസി എ-**5** മാർക്ക്<br><br>ബി കോം 50% മാർക്ക് വിത്ത് പിജിഡിസിഎ- **7** മാർക്ക്<br><br>ബി കോം 60% മാർക്ക് വിത്ത് പിജിഡിസിഎ- **10** മാർക്ക് |
| അധിക വിദ്യാഭ്യാസ യോഗ്യത | എം.ടെക് സിവിൽ-അഗ്രികൾച്ചർ-**5** മാർക്ക് | സിവിൽ/ അഗ്രികൾച്ചർ എഞ്ചിനീയറിംഗ് ഡിഗ്രി - **5** മാർക്ക് | എംകോം- **5** മാർക്ക് |
| നിശ്ചയിക്കപ്പെട്ടിട്ടുള്ള പ്രവൃത്തി പരിചയത്തിനുപരിയായി തൊഴിലുറപ്പ് പദ്ധതിയിലുള്ള അധിക പ്രവൃത്തി പരിചയം | **3-5** വർഷം- **5** മാർക്ക്<br><br>**6-8** വർഷം- **7** മാർക്ക്<br><br>**9 - 12** വർഷം- **10** മാർക്ക് | **3-5** വർഷം- **5** മാർക്ക്<br><br>**6-8** വർഷം- **7** മാർക്ക്<br><br>**9 - 12** വർഷം- **10** മാർക്ക് | **3-5** വർഷം- **5** മാർക്ക്<br><br>**6-8** വർഷം- **7** മാർക്ക്<br><br>**9 - 12** വർഷം- **10** മാർക്ക് |
| അതത് തദ്ദേശ സ്ഥാപന പരിധിയിൽ നിന്നുള്ള അപേക്ഷകൾ | **5** | **5** | **5** |
| തൊഴിലുറപ്പ് പദ്ധതി നിർവ്വഹണത്തിൽ സംസ്ഥാന/ ജില്ലാ തലങ്ങളിൽ അംഗീകാരങ്ങൾ ലഭിച്ചിട്ടുള്ള അപേക്ഷകർ | **5** | **5** | **5** |
| അഭിമുഖത്തിലെ പ്രകടനം | **5** | **5** | **5** |
| | **40** | **40** | **40** |

| | | | |
|---|---|---|---|
| ആകെ നൽകാവുന്ന പരമാവധി മാർക്ക് | | | |

5. മേൽ പറഞ്ഞ വ്യവസ്ഥകൾക്ക് പുറമെ നിയമനത്തിൽ ചുവടെ പറയുന്ന പൊതു വ്യവസ്ഥകൾ ബാധകമായിരിക്കും:

1. നിഷ്കർഷിച്ചിരിക്കുന്ന വിദ്യാഭ്യാസ യോഗ്യതകൾ സർക്കാർ/കേരള യൂണിവേഴ്സിറ്റി അംഗീകൃതം അഥവാ തത്തുല്യം ആയവ മാത്രമാണ്.
2. നിയമനം നടത്തുന്ന വേളയിൽ നിലവിലെ സർക്കാർ ഉത്തരവുകളും സർക്കുലറുകളും പ്രകാരമുള്ള സംവരണ തത്വങ്ങൾ പാലിക്കപ്പെടുന്നുണ്ട് എന്ന് അതാത് പഞ്ചായത്തുകൾ ഉറപ്പ് വരുത്തേണ്ടതാണ്.
3. ഈ ഉത്തരവിന്റെ തീയതി മുതൽ പുതുതായി വരുന്ന ഏതൊരു ഒഴിവിലേക്കും മേൽ പറഞ്ഞ കാറ്റഗറി ജീവനക്കാരെ അതാത് തലത്തിലെ പഞ്ചായത്ത് നിയമിക്കേണ്ടി വരുന്ന സന്ദർഭത്തിലാണ് മേൽ പട്ടികയിലെ യോഗ്യതാ നിബന്ധനകളും നിയമന രീതികളും പാലിക്കപ്പെടേണ്ടത്.
4. എന്നാൽ ഒരു ബ്ലോക്ക് / ഗ്രാമ പഞ്ചായത്തിൽ അക്രെഡിറ്റെഡ് എഞ്ചിനീയറുടെ ഒഴിവ് വരുന്ന സാഹചര്യത്തിൽ, മേൽ പട്ടികയിൽ നിശ്ചയിക്കപ്പെട്ട വിദ്യാഭ്യാസ യോഗ്യതയും പ്രവൃത്തി പരിചയവുമുള്ള അക്രെഡിറ്റെഡ് ഓവർസിയർ പ്രസ്തുത സ്ഥാപനത്തിൽ തന്നെ പ്രവൃത്തിയെടുത്ത് വരുന്നുണ്ടെങ്കിൽ പത്രത്തിൽ പരസ്യം ചെയ്തുകൊണ്ടുള്ള അപേക്ഷ നടപടിക്രമം സ്വീകരിക്കാതെ, ഭരണസമിതി തീരുമാന പ്രകാരം ടിയാളെ അതാത് ബ്ലോക്ക്/ഗ്രാമ പഞ്ചായത്തുകൾക്ക് പരിഗണിക്കാവുന്നതും അക്രഡിറ്റഡ് എഞ്ചിനീയറായി നിയമനം നൽകാവുന്നതുമാണ്. ഇപ്രകാരം നടപടി സ്വീകരിക്കാതെ അപേക്ഷ ക്ഷണിക്കുന്ന സന്ദർഭത്തിൽ നിശ്ചയിക്കപ്പെട്ട വിദ്യാഭ്യാസ യോഗ്യതയും പ്രവൃത്തി പരിചയവുമുള്ള അക്രഡിറ്റഡ് ഓവർസിയർക്ക് അപേക്ഷ സമർപ്പിക്കുന്നതിന് തടസ്സമുണ്ടായിരിക്കുന്നതല്ല.
5. മേൽ നിശ്ചയിച്ചിരിക്കുന്ന വിദ്യാഭ്യാസ യോഗ്യതകളും നിയമന രീതിയും, പരാമർശം(1), (2), (3), (11), & (12) ഉത്തരവുകളിൽ നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകളുടെ അടിസ്ഥാനത്തിൽ നിയമിക്കപ്പെടുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിൽ പ്രവൃത്തിയെടുത്ത് വരുന്നതുമായ കരാർ ജീവനക്കാർക്ക് അവർ നിലവിൽ ജോലി ചെയ്തു വരുന്ന തസ്തികയിൽ കരാർ പുതുക്കി നൽകുന്ന സന്ദർഭത്തിൽ ബാധകമാക്കേണ്ടതില്ലാത്തതാണ്.

6. പദ്ധതിയിലെ കരാർ ജീവനക്കാരുടെ പരമാവധി പ്രായം 62 വയസ്സ് ആയിരിക്കും. നിലവിലുള്ള ജീവനക്കാരുടെ കരാർ പുതുക്കുന്ന അവസരത്തിലും പ്രായ പരിധിയിൽ ഇളവ്

അനുവദിക്കേണ്ടതില്ല.

7. പരാമർശം (9) ഉത്തരവ് പ്രകാരം കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ഉൾപ്പെടെ കരാർ അടിസ്ഥാനത്തിലുള്ള നിയമനം സർക്കാരിന്റെ മുൻകൂർ അനുമതിയോടു കൂടി മാത്രമേ നടത്താൻ പാടുള്ളു എന്നും കാലാവധിയ്ക്ക് ശേഷം ആവശ്യകതയുടെ അടിസ്ഥാനത്തിൽ സർക്കാർ അനുമതിയോടെ മാത്രമേ കരാർ പുതുക്കാൻ പാടുള്ളു എന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിൽ പരിചയ സമ്പന്നരും പരിശീലനം ലഭിച്ചവരുമായ ജീവനക്കാരുടെ സേവനത്തുടർച്ച ഉറപ്പാക്കുന്നത് പദ്ധതിയുടെ കാര്യക്ഷമമായ നിർവ്വഹണത്തിന് അനിവാര്യമാണെന്ന് കാണുന്നതിനാൽ, ചുവടെ പറയുന്ന നടപടിക്രമങ്ങൾ പൂർത്തിയാക്കി, കുറഞ്ഞത് ഒരു ദിവസത്തെ ഇടവേള നൽകി നിയമനാധികാരിയ്ക്ക് തന്നെ രണ്ട് വർഷത്തേയ്ക്ക് കരാർ പുതുക്കി നൽകാൻ അനുമതി നൽകുന്നു.

i. തൊഴിലുറപ്പ് മിഷൻ ഡയറക്ടർ നിശ്ചയിച്ച് നൽകുന്ന ഫോർമാറ്റും നടപടിക്രമങ്ങളും പ്രകാരം ജീവനക്കാരുടെ പെർഫോമൻസ് അപ്രൈസൽ (performance appraisal) പൂർത്തിയാക്കുക.

ii. പെർഫോമൻസ് അപ്രൈസൽ തൃപ്തികരമായിട്ടുള്ള ജീവനക്കാരുടെ കരാർ പുതുക്കുന്നതിന് ഓരോ തലത്തിലും ചുവടെ പറയുന്ന തലങ്ങളിൽ നിന്നും അനുമതി ലഭ്യമാക്കുക:

a. ഗ്രാമ/ ബ്ലോക്ക് പഞ്ചായത്ത് തലം - ജില്ലാ പ്രോഗ്രാം കോർഡിനേറ്റർ (ജില്ലാ കളക്ടർ)

b. ജില്ലാ തലം - സംസ്ഥാന തൊഴിലുറപ്പ് മിഷൻ ഡയറക്ടർ

c. സംസ്ഥാന മിഷൻ ഓഫീസ് - സംസ്ഥാന സർക്കാർ

8 . പരാമർശം (10) പ്രകാരമോ ഈ ഉത്തരവ് പ്രകാരമോ തസ്തിക നിർണ്ണയത്തിനായി നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരം ഏതെങ്കിലും തസ്തികയിൽ കുറവ് വരുന്ന സാഹചര്യത്തിൽ കരാർ കാലാവധി പൂർത്തിയാവുന്ന മുറയ്ക്ക് ജീവനക്കാരെ ഒഴിവാക്കേണ്ടതാണ്.

9. ഗുരുതരമായ അച്ചടക്ക ലംഘനമോ, കൃത്യവിലോപമോ മറ്റ് ക്രമക്കേടുകളോ ഉണ്ടാകുന്ന സാഹചര്യത്തിൽ കരാർ കാലാവധി പൂർത്തിയാകുന്നതിന് മുൻപ് ജീവനക്കാരെ ഒഴിവാക്കാവുന്നതാണ്. കരാർ കാലാവധി പൂർത്തിയാകുന്നതിന് മുൻപായി ജീവനക്കാരുടെ സേവനം അവസാനിപ്പിക്കുന്നതിന് ഗ്രാമ വികസന കമ്മീഷണറുടെ മുൻകൂർ അനുമതി വാങ്ങേണ്ടതാണെന്ന പരാമർശം (5) ഉത്തരവിലെ വ്യവസ്ഥ, "കരാർ കാലാവധിയ്ക്ക് മുൻപായി ജീവനക്കാരുടെ സേവനം അവസാനിപ്പിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ മുൻകൂർ അനുമതി വാങ്ങേണ്ടതും അനുമതി ലഭ്യമായ ശേഷം മാത്രം സേവനം അവസാനിപ്പിക്കൽ നടപടി പ്രാബല്യത്തിൽ വരുത്തേണ്ടതുമാണ്" എന്ന് ഭേദഗതി ചെയ്യുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജുക്കുട്ടൻ എം എസ്
അഡിഷണൽ സെക്രട്ടറി

മിഷൻ ഡയറക്ടർ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
എല്ലാ ജില്ലാ കലക്ടർ/ജില്ലാ പ്രോഗ്രാം കോഓർഡിനേറ്റർമാർക്കും
എല്ലാ ജില്ലാ ജോയിന്റ് പ്രോഗ്രാം കോഓർഡിനേറ്റർമാർക്കും (മിഷൻ ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും (LSGD പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും (LSGD പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
MGNREGA ഓംബുഡ്സ്പേഴ്സൺ അപ്പലേറ്റ് അതോറിറ്റി അംഗങ്ങൾക്ക്
എല്ലാ ജില്ലകളിലെയും MGNREGA ഓംബുഡ്സ്പേഴ്സൺമാർക്ക്
ധനകാര്യ വകുപ്പ് (ഡവ.1/7/2022-ധന തീയതി 21.10.2022 പ്രകാരം)
വെബ് &ന്യൂ മീഡിയ (ഐ&പി.ആർ.ഡി)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Nisam N
Date: 29-06-2024 12:52:47
സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്